I/5754261/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. എഫ്.എം.1/20/2023/എൽ.എസ്.ജി.ഡി
തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09-06-2023

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക് വേണ്ടി വിവിധ സ്ഥാപനങ്ങൾ വകയിരുത്തുന്ന ഫണ്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി - സംബന്ധിച്ച്.

സൂചന:- 1. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻറെ രണ്ടാമത്തെ റിപ്പോർട്ടിലെ ഖണ്ഡിക 4.19
2. സ.ഉ. (കൈ) നം.84/2022/ത.സ്വ.ഭ.വ. തീയതി 19/04/2022
3. സ.ഉ. (കൈ) നം.86/2022/ത.സ്വ.ഭ.വ. തീയതി:19/04/2022

****

Corporate Social Responsibility Fund (CSR - Fund) ഉൾപ്പടെ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്ഥാപനങ്ങൾ വകയിരുത്തുന്ന ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെടുന്നതിന് പ്രോജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണെന്ന് സൂചനയിലെ ഉത്തരവുകൾ പ്രകാരം (ഖണ്ഡിക 5.1.(10) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ രണ്ടാം റിപ്പോർട്ടിലെ ഖണ്ഡിക 4.19 ൽ Corporate Social Responsibility Fund (CSR Fund) നല്കാൻ കഴിയുന്ന എല്ലാ സ്ഥാപനങ്ങളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഔദ്യോഗിക ചർച്ചകൾ നടത്തേണ്ടതും അതനുസരിച്ച് തങ്ങളുടെ പദ്ധതികളിൽ ഭാഗികമായോ പൂർണ്ണമായോ ഇത്തരത്തിൽ ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗിക്കുന്നതിന് ഒരു കർമ്മപദ്ധതി തയ്യാറാക്കണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും തങ്ങളുടെ പ്രദേശത്തുള്ള, സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി ഫണ്ടുകൾ നീക്കിവയ്ക്കാൻ സന്നദ്ധരാകുന്ന കോർപറേറ്റുകൾ ഉൾപ്പെടെയുള്ള, എല്ലാ സ്ഥാപനങ്ങളുടെയും ഒരു യോഗം പദ്ധതി രൂപീകരണ ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റികൾ ചേരുന്നതിനു മുൻപായി വിളിച്ചു ചേർക്കേണ്ടതും ഏതൊക്കെ സ്ഥാപനങ്ങൾ ഏതൊക്കെ പദ്ധതികൾക്ക് ഭാഗികമായോ പൂർണ്ണമായോ എത്രമാത്രം ഫണ്ടുകൾ ലഭ്യമാക്കും എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. പ്രസ്തുത വിലയിരുത്തലിന്റെ ഭാഗമായി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ വാർഷികപദ്ധതിയിൽ ഇത്തരം ഫണ്ടുകൾ ഉപയോഗിച്ച് ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ടുകൾ നിശ്ചയിക്കുകയും അവയിലെ വിഭവ

വകയിരുത്തലും വിനിയോഗവും നിർവ്വഹണവും സംബന്ധിച്ച ഒരു കർമ്മ പരിപാടി തയ്യാറാക്കേണ്ടതുമാണ്. പ്രസ്തുത കർമ്മപരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷികപദ്ധതിരേഖയുടെ ഭാഗമാക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്.

E.P. SAJEEV
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ) തിരുവനന്തപുരം.
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ).
എല്ലാ ഗ്രാമ /ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭ / കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
ധനകാര്യ (എസ്.എഫ്.സി സെൽ -എ) വകുപ്പ്.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സി. ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കണ്ടന്റ് ജനറൽ (ആഡിറ്റ്)' എൽ.ബി.എ.&.എ), കേരള, തിരുവനന്തപൂരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Madhusoodhanan V
Date: 12-06-2023 12:13:55
സെക്ഷൻ ഓഫീസർ.

പകർപ്പ് :-

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്